(ബി&സി) ഇത്തരം ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാരുകൾ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിക്കുമെന്ന് പരിശോധന നടത്തിയിട്ടില്ല.

വിഴിഞ്ഞം തുറമുഖ പദ്ധതി

108 (2927) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കരാർ പ്രകാരം നിലവിൽ വരുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് എത്ര ശതമാനം ഷെയർ ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഷെയർ എത്ര ശതമാനമാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതി വികസിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിൽ കമ്പനിയിൽ സർക്കാരിന്റെ റോൾ എന്തായിരിക്കും ; കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ നിയോഗിക്കുന്നത് സർക്കാർ ആയിരിക്കുമോയെന്നറിയിക്കുമോ ;

(സി) പദ്ധതിക്കായി സർക്കാർ ചെലവഴിക്കുന്ന മൊത്തം തുക എത്ര ; ഈ തുകയത്രയും വിനിയോഗിക്കുന്നത് ഏത് നിലയിലായിരിക്കും ; ബിഡ് രേഖകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കാര്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) കരാർ പ്രകാരം സംസ്ഥാന സർക്കാർ തുറമുഖത്തിന്റെ ലൈസൻസറും ലാൻഡ് ലോർഡുമാണ്. അതുകൊണ്ട് പദ്ധതിക്കായി കൺസഷണയർ രൂപീകരിക്കുന്ന സ്പെഷ്യൽ പർപ്പസ് കമ്പനിയിൽ സംസ്ഥാന ഗവൺമെന്റിന് ഓഹരി പങ്കാളിത്തമില്ല. ഇത് പദ്ധതിക്കായി അംഗീകരിച്ച കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാതൃകാ കൺസഷൻ കരാറിന് അനുസൃതമാണ്.

(ബി) പദ്ധതിയുടെ ലൈസൻസറിന്റെയും ലാൻഡ് ലോർഡിന്റെയും റോൾ സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കും. കമ്പനിയുടെ മാനേജിംഗ് ഡയറക്ടറെ സംസ്ഥാന സർക്കാരല്ല നിശ്ചയിക്കുന്നത്.

(സി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി.

LIBRARY ARCHIVES Kerala Legislative Assembly

ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്‌വാട്ടറിന്റെ ഇകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്കു നൽകേണ്ടതാണ്.

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായ ധനമായി നൽകും.

സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതി ബിഡ് രേഖകളുടെ പകർപ്പ്

109 (2928) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ടെണ്ടറിൽ, ഗൗതം അദാനിയുടെ കമ്പനി സമർപ്പിച്ച ബിഡ് രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

ബിഡ്ഡിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly